**കേരളസർക്കാർ**

**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**

**ശാന്തി നഗർ, തിരുവനന്തപുരം- 695001**

## KEAM – 2022

## എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേയ്ക്കുള്ള മോപ് – അപ് അലോട്ട്മെന്റ്

## പുതുക്കിയ വിജ്ഞാപനം

2022 –23 അദ്ധ്യയന വർഷത്തെ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളുടെ രണ്ടാം ഘട്ട അലോട്ട്മെന്റിന് ശേഷം ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനായി നടത്തുന്ന മോപ് –അപ് അലോട്ട്മെന്റ് സംബന്ധിച്ച് 07.12.2022 തീയതിയിൽ വിജ്ഞാപനം പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ 13.12.2022 തീയതിയിലെ ബഹു.ഹൈക്കോടതിയുടെ WP(c) No. 40010 of 2022 ഉത്തരവ് പ്രകാരം പ്രസ്തുത വിജ്ഞാപനത്തിലെ മോപ് അപ് അലോട്ട്മെന്റ് സംബന്ധിച്ച ചില വ്യവസ്ഥകൾ റദ്ദാക്കിയിട്ടുണ്ട് . മോപ് അപ് അലോട്ട്മെന്റ് സംബന്ധിച്ച പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

**<u>മോപ്-അപ്പ് അലോട്ട്മെന്റ് സംബന്ധിച്ച പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ</u>**

- അഖിലേന്ത്യാ കൗൺസലിംഗ് രണ്ടാം റൗണ്ട് അലോട്ട്മെന്റ് വരെ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികളെ ഓൺലൈൻ മോപ്-അപ് അലോട്ട്മെന്റിൽ നിന്നും ഒഴിവാക്കുന്നതാണ്.
- സംസ്ഥാന കൗൺസലിംഗ് രണ്ടാം റൗണ്ട് അലോട്ട്മെന്റ് വരെ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികളെ ഓൺലൈൻ മോപ്-അപ് അലോട്ട്മെന്റിൽ നിന്നും ഒഴിവാക്കുന്നതാണ്.
- അഖിലേന്ത്യാ മോപ് അപ് കൗൺസലിംഗിലൂടെ എം .ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളെ ഓൺലൈൻ മോപ്-അപ് അലോട്ട്മെന്റിൽ നിന്നും ഒഴിവാക്കുന്നതാണ്.
- മോപ് അപ് അലോട്ട്മെന്റിലൂടെ ലഭിക്കുന്ന സീറ്റുകളിൽ പിന്നീട് യാതൊരു കാരണവശാലും മാറ്റം അനുവദിക്കുന്നതല്ല.

മേൽ വ്യവസ്ഥകൾ ബാധകമാക്കിയുള്ള താത്ക്കാലിക മോപ് അപ് അലോട്ട്മെന്റ് 14.12.2022 ന് പ്രസിദ്ധീകരിക്കുന്നതാണ്.

മോപ്-അപ് അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ തുക അലോട്ട്മെന്റ് ലഭിച്ച കോഴ്സുകളുടെ ഫീസിനത്തിൽ വകയിരുത്തുന്നതാണ് . മോപ്-അപ് അലോട്ട്മെന്റിലൂടെ അലോട്ട്മെന്റ് ലഭിക്കാത്ത വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ ഫീസ് എം.ബി.ബി.എസ്/ ബി.ഡി.എസ് കോഴ്സുകളിലേയ്ക്കുള്ള പ്രവേശന നടപടികൾ അവസാനിച്ചശേഷം തിരികെ നൽകുന്നതാണ്.

മോപ്-അപ് അലോട്ട്മെന്റിലൂടെ അലോട്ട്മെന്റ് ലഭിച്ചശേഷം നിശ്ചിത തീയതിക്കുള്ളിൽ പ്രവേശനം നേടാത്ത വിദ്യാർത്ഥികളുടെയും പ്രവേശനം നേടിയശേഷം വിടുതൽ വാങ്ങുന്ന വിദ്യാർത്ഥികളുടെയും അവരവർക്ക് ബാധകമായ രജിസ്ട്രേഷൻ ഫീസ് പെനാൽറ്റിയായി കണക്കാക്കുന്നതും തിരികെ നൽകുന്നതുമല്ല . കൂടാതെ ഇത്തരം വിദ്യാർത്ഥികളിൽ നിന്നും പ്രോസ്പെക്ടസ് ക്ലോസ് 12.2.4 പ്രകാരം പിഴ ഈടാക്കുന്നതുമാണ്.

മോപ്അപ് കൗൺസിലിംഗിനുശേഷം എം.ബി.ബി.എസ്/ ബി.ഡി.എസ് കോഴ്സുകളിൽ ഒഴിവുകൾ നിലനിൽക്കുന്ന പക്ഷം അവ സ്ട്രേ വേക്കൻസി അലോട്ട്മെന്റിലൂടെ നികത്തുന്നതാണ്. സ്ട്രേ വേക്കൻസി അലോട്ട്മെന്റിനായി വിദ്യാർത്ഥികൾ മോപ്-അപ് അലോട്ട്മെന്റിൽ രജിസ്റ്റർ ചെയ്ത ഓപ്ഷനുകൾ അടിസ്ഥാനമാക്കുന്നതാണ്. മോപ് അപ് അലോട്ട്മെന്റ് ലഭിച്ചശേഷം പ്രവേശനം നേടാതിരിക്കുകയോ, പ്രവേശനം നേടിയശേഷം വിടുതൽ വാങ്ങുകയോ ചെയ്യുന്ന വിദ്യാർത്ഥികളെ സ്ട്രേ വേക്കൻസി അലോട്ട്മെന്റിൽ ഉൾപ്പെടെ പങ്കെടുപ്പിക്കുന്നതല്ല. സ്ട്രേ വേക്കൻസി അലോട്ട്മെന്റ് സംബന്ധിച്ച വിശദമായ വിജ്ഞാപനം പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

പ്രവേശനവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2022.12.13 20:32:14 IST
Reason: Approved

തിരുവനന്തപുരം
**13/12/2022** f

**പ്രവേശന പരീക്ഷാ കമ്മീഷണർ**